## 622

നീതിയാം യഹോവായേ! തിരുചരണമെന്റെ ശരണം
ശ്രീതരും തവ പാദമതൊന്നേ ഖേദമകറ്റിപ്പരിപാലിപ്പതെന്നെ

നീസരി സരിമാ രിമപാ നിപമാ
പസസനി പനിപമ രിപാമ രിമരിസ
നീയുരു കരുണാ രസമാനസമാർ-
ന്നനിശമിരിപ്പതാലസാമ്യ സുഖം മമ

1 ദേഹികൾക്കമൃതായേ-തവ ദേഹമിരിപ്പതെന്നായേ
വേദമോതിടുന്നാകയാൽ നീയേ
വേദനയിൽ തുണയെന്നാത്മിക തായേ-

2 ദേവ! നിന്നുടെ ജ്ഞാനം മമ താപമാറ്റിടും നൂനം
പാവനാശയ! മാനസവാനം
പാർക്കുവതിന്നരുൾ നിൻബോധവിമാനം-

3 കാമതസ്കരൻ നേരേ വന്നു കേമഭാവമായ് ചാരേ-
താമസിപ്പതുണ്ടാകയാൽ ദൂരെ
നീയിരിപ്പതെന്തനിക്കീശാ! നീ പോരേ?

4 യൂദപാതകരോടും പുരമായിരുന്ന നീ, വീടും
താതനമ്മയും-സ്വത്തുക്കൾ നാടും
തള്ളിയോരെന്നെ പുലർത്തിടുവാൻ കൂടും-

5 ആയിരം നരന്മാരിൽ പരിപൂതനേശുവിപ്പാരിൽ
ആയവൻ ബലത്തോടു ഞാൻ ചേരിൽ
മായമെന്യേ ജയിക്കാമാത്മിക പോരിൽ-

6 കഷ്ടനാളുകൾ വന്നു- വ്യഥപ്പെട്ടുവെങ്കിലും, പൊന്നു
വിഷ്ടപേശ! നിൻ സന്നിധൗ നിന്നു
സ്പഷ്ടമുരയ്ക്കിൽ ഭവാൻ കേട്ടിടുമന്നു

**K.V.S**